MONDAY 10/03/2025 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

**Chief Editor :** Haripriya Devi VV (I/C) **Editor :** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/03/2025

1. കൊല്ലം @ 75 കൊല്ലം ജില്ലയുടെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പ്രദർശന വിപണന സേവന മേള 2025 മാർച്ച് 3 മുതൽ 10 വരെ, ആശ്രാമം മൈതാനം കൊല്ലത്ത് നടന്നുവരുന്നു. ഇതോടനുബന്ധിച്ച് കാഴ്ചകളുടെ വിസ്മയ മേള, കൊല്ലത്തിൻറെ ചരിത്ര പഥങ്ങളിലൂടെയുള്ള പ്രയാണം, പ്രദർശന വിപണന സ്റ്റാളുകൾ, പുസ്തകമേള, പുസ്തക ചർച്ച, കവിയരങ്ങ് എന്നിവയും വൈകിട്ട് 7 മണിക്ക് കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

2. വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ ബാക്ടീരിയ വാട്ടത്തിന് എതിരെ പ്രതിരോധശേഷിയുള്ള ഹരിത വഴുതന തൈകൾ വിൽപനക്കെത്തിയിട്ടുണ്ട്. വില ഒന്നിന് 2/- രൂപ നിരക്കിൽ ലഭ്യമാണ്.വില്പന സമയം: 9:00 AM - 4:00 PM വരെ.

3. നാളികേര വികസന ബോർഡിൻ്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ കുറ്റ്യാടി തെങ്ങിൻ തൈകൾ 100 രൂപ നിരക്കിലും, കുറിയ ഇനങ്ങൾ 110 രൂപ നിരക്കി ലും, സങ്കര ഇനം തെങ്ങിൻ തൈകൾ 250 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. ആവശ്യമു ള്ള കർഷകർക്കും, കൃഷി ഓഫീസർമാർക്കും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാം. കുറഞ്ഞത് പത്ത് തൈകൾ വാങ്ങുന്ന കർഷകർക്ക് നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന തെങ്ങ് പുതുകൃഷി പദ്ധതിയിൻ കീഴിൽ സബ്സിഡിയും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മുതൽ വൈകീട്ട് 5 മണി വരെ 0485 2554240 എന്ന നമ്പറിൽ ബന്ധപ്പെടുക.

4. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊല്ലം ജില്ലയിലെ കൊട്ടിയം മുട്ടക്കോഴി പ്രജനന കേന്ദ്രത്തിൽ ഒരുദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട

മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്കുണ്ട്. ആവശ്യമുള്ളവർ കെപ്കോയുടെ കൊട്ടിയം ലെയർ ബ്രീഡർ ഫാമിൽ നേരിട്ട് ബുക്ക് ചെയ്യണം. ഫോൺ: 9495000933, 9495000923. 2/- രൂപ നിരക്കിൽ ലഭ്യമാണ്.വില്പന സമയം: 9:00 AM - 4:00 PM വരെ.

## പരിശീലന പരിപാടി

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **"പഴം-പച്ചക്കറി സംസ്കരണവും വിപണനവും"** എന്ന ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. താല്പര്യമുള്ളവർക്ക് www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. **2025 മാർച്ച് 24, തിങ്കളാഴ്ച** ആരംഭിക്കുന്ന ഈ കോഴ്സിലേക്ക് രജിസ്റ്റര് ചെയ്യേണ്ട അവസാന തിയ്യതി **2025 മാർച്ച് 23, ഞായറാഴ്ച** ആണ്. കൂടുതൽ വിവരങ്ങള് പ്രസ്തുത വെബ്സൈറ്റില് ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

6. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ 'സീനിയർ റിസേർച്ച് ഫെല്ലോ' (ക്ലൈമറ്റ് ചേഞ്ച് ആന്റ് എക്കോസിസ്റ്റം സ്റ്റഡീസ്) തസ്തികയിൽ താത്കാലികാടിസ്ഥാനത്തിലുള്ള നിയമനത്തിന് എഴുത്തു പരീക്ഷയും വാക്ക് ഇൻ ഇന്റർവ്യൂവും നടത്തുന്നു. അപേക്ഷകർക്ക് അഗ്രിക്കൾച്ചറൽ മീറ്റിയോറോളജി/ മീറ്റിയോറോളജി/ അറ്റ്മോസ്ഫറിക് സയൻസ്/ ക്ലൈമറ്റ് സയൻസ്/ ഇന്റഗ്രേറ്റഡ് ബി.എസ്.സി.- എം.എസ്.സി. ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷൻ എന്നീ വിഷയങ്ങളിലേതിലെങ്കിലും ബിരുദാനന്തരബിരുദം

മാധ്യമ പ്രസിദ്ധീകരണത്തിന്, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉണ്ടായിരിക്കണം. അപേക്ഷകർക്ക് 2025 ജനുവരി 01-ന് 32 വയസ്സ് കവിയാൻ പാടില്ല. താൽപര്യമുള്ളവർ വിദ്യാഭ്യാസയോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളുമായി 2025 മാർച്ച് 13 രാവിലെ 9.30-ന് ഡയറക്ടർ (റിസേർച്ച്), ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി.ഒ., കോട്ടയം- 686009 മുമ്പാകെ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0481-2353311 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുകയോ www.rubberboard.org.in വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം